**Day 75 of 90 days** † † † **8th January 2018**

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

പെന്തെക്കൊസ്തു നാളിൽ യരുശലേമിലെ അന്തരീക്ഷം എന്തായിരുന്നു, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പതിനായിരക്കണക്കിനു ആളുകൾ അവിടെ തിങ്ങിക്കൂടിയിരിക്കുകയാണ്. എവിടെയും ആൾക്കൂട്ടവും ബഹളവും. ശാന്തമായ അന്തരീക്ഷം ആ പട്ടണത്തിലെങ്ങുമില്ല. എന്നാൽ അതിന്റെ മദ്ധ്യത്തിൽ ഒരു മാളിക മുറിയിൽ, അതാ ഒരു ചെറിയ കൂട്ടം. എല്ലാ തിരക്കുകളിൽ നിന്നും ഒഴിഞ്ഞ് ബഹളങ്ങളിൽ നിന്ന് ഒററപ്പെട്ട് ശാന്തമായി യേശു ഒരുക്കിയ സ്ഥാനത്ത് ആയിരിക്കുന്നു. ബഹളങ്ങൾക്കിടയിൽ നിന്നവർ ഒന്നും പ്രാപിക്കാതിരുന്നപ്പോൾ ദൈവം ഒരുക്കിയ മാളിക മുറിയിലിരുന്നവർ നിശ്ചലജലം കുടിക്കുകയായിരുന്നു. എത്രയോ ശ്രേഷ്ഠമായ അനുഭവം. സ്നേഹിതാ, എല്ലാ സാഹചര്യങ്ങളുടെയും തിരക്കുകളുടെയും മദ്ധ്യത്തിലും നമുക്ക് ശാന്തമായ അന്തരീക്ഷം പ്രാപിപ്പാൻ പ്രയാസമുണ്ടാകുകയില്ല. നിശ്ചലജലം കുടിപ്പാൻ നിഷ്പ്രയാസം സാധിക്കുകയും ചെയ്യും. വെള്ളം ധാരാളമുണ്ട് എന്ന വിചാരത്തിൽ ചില ആടുകൾ ഇടയൻ നിർദ്ദേശിക്കുന്നിടത്തു നിൽക്കാതെ ഓടിപ്പോയി മററു സ്ഥലങ്ങളിൽ നിന്ന് വെള്ളം കുടിക്കാൻ ശ്രമിക്കാറുണ്ട്. അവ വെള്ളത്തിൽ വീണ് ഒഴുക്കിൽ ആകാനും ഇടയുണ്ട്. എന്നാൽ ഇടയൻ ഒരുക്കുന്ന സ്ഥാനത്തു നിൽക്കുന്ന ആടുകൾ വെള്ളം കുടിച്ച് തൃപ്തി പ്രാപിക്കുന്നു. അഥവാ വഴുതി വീണാൽ രക്ഷിപ്പാനായി ഇടയൻ അവിടെ തന്നെ ഉണ്ടായിരിക്കും ഭയപ്പെടാതെ അവയ്ക്കു കുടിപ്പാൻ സാധിക്കും. ആകയാൽ ദൈവം ഒരുക്കുന്ന നിശ്ചല ജലത്തിലേക്ക് ഇടയൻ നമ്മെ നയിക്കുമ്പോൾ ഭയപ്പെടാതെ ഇടയനെ അനുഗമിക്കുക. അത് നമുക്ക് അനുഗ്രഹത്തിനും ശക്തീകരണത്തിനും നിലനിൽപ്പിനും സഹായമായിത്തീരും. ഒരു ആട് തന്റെ നല്ല ഇടയനെപ്പററി 'എന്റെ ഇടയൻ എന്റെ പ്രാണനെ തണുപ്പിക്കുന്നു. ഇംഗ്ലീഷിൽ ഇത് 'He restoreth my soul' എന്നാണ്. Restore എന്ന വാക്കിന്റെ ശരിയായ അർത്ഥം, പുനഃസ്ഥാപിക്കുക ആഥവാ 'പഴയ സ്ഥാനത്തു തന്നെ വീണ്ടും വയ്ക്കുക' എന്നതാണ്. എന്തെങ്കിലും ഒന്ന്, അത് ഇരുന്ന അഥവാ അതിനെ വച്ചിരുന്ന സ്ഥാനത്തു നിന്ന് മാറിപ്പോകയോ മാററപ്പെടുകയോ ചെയ്താൽ, അതിനെ വീണ്ടും അതേ സ്ഥാനത്തു തന്നെ പുനഃസ്ഥാപിക്കുന്നതിനാണ് ഈ പദം ഉപയോഗിക്കുന്നത്. ഈ നിലയിൽ നാം ചിന്തിച്ചാൽ, 'എന്റെ ഇടയൻ എന്റെ പ്രാണനെ പഴയ സ്ഥാനത്ത് പുനഃസ്ഥാപിക്കുന്നു' എന്ന വാക്യം വായിക്കാവുന്നതാണ്. ഒരു ദൈവപൈതലിന്റെ ആത്മാവ് ക്ഷീണിച്ച് തളർന്നു, അത് ആയിരിക്കേണ്ട സ്ഥാനത്തു നിന്ന് അന്യപ്പെടുന്നതായ രംഗമുണ്ടാകുമ്പോൾ നല്ല ഇടയനായ യേശു അവിടെയെത്തി അവന്റെ ആത്മാവിനെ പുനരുദ്ധരിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. ഇടയന്റെ സ്നേഹത്തിന്റെ ചിത്രമാണ് ഇവിടെ കാണപ്പെടുന്നത്.

തുടരും...